13
2025
മേയ്
ചൊവ്വ
മേടം 30

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.136 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-136 | പേജ് 4. വില 2.00 രൂപ

02 സയൻസ് സിറ്റിയുടെ ഒന്നാംഘട്ടം ഉദ്ഘാടനം മേയ് 29 ന്

03 നിരക്കുകുറച്ചു; കൂടുതൽ ആകർഷകമായി ശ്രീലങ്കൻ കപ്പൽ സർവീസ്

04 രക്തത്തിലെ ഘടകങ്ങളുടെ മാനദണ്ഡപരിധികൾ പുനഃക്രമീകരിക്കണം

# തകർത്തത് ഭീകരതയുടെ യൂണിവേഴ്സിറ്റി: പ്രധാനമന്ത്രി

## പാകിസ്ഥാന് ശക്തമായ മുന്നറിയിപ്പുനൽകി

ന്യൂഡൽഹി: ആണവായുധങ്ങളുടെ പേരിലുള്ള ഭീഷണി ഇന്ത്യയോടുവേണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോഡി. അത് പറഞ്ഞുള്ള ബ്ലാക്മെയിലിങ് വിലപ്പോകില്ലെന്നും അദ്ദേഹം പാകിസ്ഥാന് ശക്തമായ മുന്നറിയിപ്പ് നൽകി. ഓപ്പറേഷൻ സിന്ദൂറിന് ശേഷം ആദ്യമായി രാജ്യത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മോഡി. 22 മിനിറ്റ് നീണ്ട പ്രസംഗത്തിൽ പാകിസ്ഥാനും ഭീകരതയ്ക്കുമെതിരേ ശക്തമായ താക്കീതാണ് പ്രധാനമന്ത്രി നൽകിയത്.

ആണവ ഭീഷണി ഇന്ത്യയോടു വേണ്ട, അത് വെച്ചു പൊറുഇന്ത്യയുടെ തിരിച്ചടി ഭീകരവാദികൾ സ്വപ്നത്തിൽപോലും വിചാരിച്ചില്ല. ഇന്ത്യൻ സായുധസേന പാകിസ്ഥാനിലെ ഭീകരവാദ കേന്ദ്രങ്ങളെ ആക്രമിച്ചു. ഇന്ത്യൻ മിസൈലും ഡ്രോണുകളും പാകിസ്ഥാനിലെ സ്ഥലങ്ങൾ ആക്രമിച്ചപ്പോൾ ഭീകരവാദികളുടെ കെട്ടിടങ്ങൾ മാത്രമല്ല അവ



രുടെ ധൈര്യവും തകർന്നു. ഇന്ത്യ തകർത്തത് ഭീകരതയുടെ യൂണിവേഴ്സിറ്റിയാണെന്നും മോഡി പറഞ്ഞു.

പ്പിക്കില്ല. ഇന്ത്യയ്ക്കെതിരായ ഭീകരവാദ ആക്രമണത്തിന് ഉചിതമായ തിരിച്ചടി നേരിടേണ്ടിവരും. പ്രതികരണം എങ്ങനെവേണമെന്ന് ഞങ്ങൾ തീരുമാനിക്കും. ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ചർച്ചയുണ്ടെങ്കിൽ അത് ഭീകരവാദത്തെക്കുറിച്ചും പാക് അധീന കശ്മീരിനെക്കുറിച്ചും മാത്രമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ന് ബുദ്ധപൂർണിമയാണെന്നും ബുദ്ധൻ സമാധാനത്തിന്റെ പാത കാണിച്ചു തന്നുവെന്നും മോഡി പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു.

ഓപ്പറേഷൻ സിന്ദൂറിൽ രാജ്യം നേടിയ വിജയം രാജ്യത്തെ സ്ത്രീകൾക്ക് സമർപ്പിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോഡി. വിജയത്തിന്റെ ഈ വീര്യം രാജ്യത്തെ എല്ലാ അമ്മമാർക്കും എല്ലാ സഹോദരിമാർക്കും രാജ്യത്തെ എല്ലാ പെൺമക്കൾക്കും സമർപ്പിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഓപ്പറേഷൻ സിന്ദൂറിന് ശേഷം ആദ്യമായി രാജ്യത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

ഓപ്പറേഷൻ സിന്ദൂർ എന്നത് വെറുമൊരു പേര് മാത്രമല്ല. ഇത് രാജ്യത്തെ കോടിക്കണക്കിന് ജനങ്ങളുടെ വികാരത്തിന്റെ പ്രതിബിംബമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഭീകരർ നമ്മുടെ പെൺമക്കളുടെ സിന്ദൂരം മായ്ച്ചു, നമ്മൾ അവരെ ഈ ഭൂമിയിൽ നിന്നു തന്നെ മായ്ച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

പഹൽഗാമിൽ അവധിയാഘോഷിക്കാനെത്തിയ സാധാരണക്കാരെയാണ് ഭീകരർ മതം ചോദിച്ച് കൊലപ്പെടുത്തിയതെന്ന് മോഡി ചൂണ്ടിക്കാട്ടി. ഭീകരവാദികൾ കാണിച്ച ക്രൂരത ലോകത്തെ പിടിച്ചുകുലുക്കുന്നതായിരുന്നു.

കുടുംബങ്ങളുടെ മുന്നിൽ വെച്ചാണ് സാധാരണക്കാരെ ഭീകരവാദികൾ കൊലപ്പെടുത്തിയത്. ഭീകരരെ തുടച്ചുനീക്കാൻ സൈന്യത്തിന് പൂർണ സ്വാതന്ത്ര്യം നൽകിയിരുന്നെന്നും മോഡി പറഞ്ഞു.

## ഇന്ത്യപാക് ഡിജിഎംഒ ചർച്ച; അതിർത്തിയിലെ സൈനികരുടെ എണ്ണം കുറയ്ക്കാൻ ധാരണ

അതിർത്തികളിലെ സൈനികരെ കുറയ്ക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാൻ ഇന്ത്യ പാക് ഡിജിഎംഒ ചർച്ചയിൽ തീരുമാനം. വെടിനിർത്തൽ ധാരണയ്ക്ക് ശേഷമുള്ള പാക് പ്രകോപനത്തിൽ ഇന്ത്യ പ്രതിഷേധം അറിയിച്ചു. അടിയന്തര നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടതായും വിവരമുണ്ട്.

തുടർന്നും പ്രകോപനം ഉണ്ടായാൽ ഇന്ത്യയുടെ മറുപടി എന്തായിരിക്കുമെന്നും പാക് ഡിജിഎംഒയെ യോഗത്തിൽ അറിയിച്ചു.

# കിംഗ് റിട്ടയേർഡ്; വിരാട് കോലി വിരമിച്ചു



ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരാട് കോലി വിരമിച്ചു. വിരമിക്കൽ പ്രഖ്യാപനം ഇൻസ്റ്റഗ്രാം പോസ്റ്റിൽ പങ്കുവച്ചു. ഇത് എളുപ്പമല്ലെന്നും ടെസ്റ്റ് ക്രിക്കറ്റ് താൻ പ്രതീക്ഷിച്ചതിലേറെ തനിക്ക് തിരിച്ചുതന്നെന്നും കോലി പോസ്റ്റിൽ പറഞ്ഞു. ഇന്ത്യക്കായി 123 ടെസ്റ്റുകളിൽ കളിച്ച വിരാട് കോലി 46.85 ശരാശരിയിൽ 9230 റൺസാണ് നേടിയത്. 30 സെഞ്ചുറികളും 31 അർധസെഞ്ചുറികളുമാണ് വിരാടിന്റെ പേരിലുള്ളത്. 2011ൽ വെസ്റ്റ് ഇൻഡീസിനെതിരെ കിംഗ്സ്റ്റണിലാണ് കോലി ഇന്ത്യക്കായി ടെസ്റ്റിൽ അരങ്ങേറിയത്.

സച്ചിൻ ടെൻഡുൽക്കർ വിരമിച്ചശേഷം ബാറ്റിങ് ഓർഡറിൽ നാലാം സ്ഥാനത്ത് വിരാട് കോലിയാണ് ഒരു ദശകത്തോളം ഇന്ത്യയുടെ നെടുന്തൂണായത്. കഴിഞ്ഞ വർഷം ടി20 ലോകകപ്പ് നേടിയ ശേഷം വിരാട് കോലി ടി20 ക്രിക്കറ്റിൽ നിന്ന് വിരമിച്ചിരുന്നു. ഐപിഎല്ലിനിടെ കഴിഞ്ഞ ആഴ്ചയാണ് ഇന്ത്യൻ ക്യാപ്റ്റൻ കൂടിയായ രോഹിത് ശർമ ഇൻസ്റ്റഗ്രാം പോസ്റ്റിലൂടെ വിരമിക്കൽ പ്രഖ്യാപിച്ചത്.

ടെസ്റ്റ് ക്രിക്കറ്റിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വിരാട് കോലിയുടെ ബാറ്റിങ് ശരാശരിയിലും പ്രകടനത്തിലും വലിയ ഇടിവാണ് സംഭവിച്ചത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കളിച്ച 37 ടെസ്റ്റിൽ മൂന്ന് സെഞ്ചുറി അടക്കം1990 റൺസ് മാത്രമാണ് കോലി ആകെ നേടിയത്.

## കൊഴുപ്പ് നീക്കൽ ശസ്ത്രക്രിയയിലെ പിഴവ്; കഴക്കൂട്ടത്തെ ആശുപത്രിയുടെ രജിസ്ട്രേഷൻ റദ്ദാക്കി

തിരുവനന്തപുരം കഴക്കൂട്ടത്ത് അടിവയറ്റിലെ കൊഴുപ്പുനീക്കൽ ശസ്ത്രക്രിയ നടത്തിയ യുവതിയുടെ വിരലുകൾ മുറിച്ചു മാറ്റേണ്ടി വന്ന സംഭവത്തിൽ ആശുപത്രിക്കെതിരെ നടപടി. കഴക്കൂട്ടത്തെ ആശുപത്രിയുടെ ക്ലിനിക്കൽ രജിസ്ട്രേഷൻ റദ്ദാക്കി. ലൈസൻസിന് വിരുദ്ധമായാണ് ആശുപത്രി പ്രവർത്തിച്ചതെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി.

നേരത്തെ, ശസ്ത്രക്രിയയിൽ പിഴവ് സംഭവിച്ചിട്ടില്ല എന്ന് മെഡിക്കൽ ബോർഡ് റിപ്പോർട്ട് നൽകിയിരുന്നു. ബിപിയിൽ മാറ്റം ഉണ്ടായപ്പോൾ യഥാസമയം ചികിത്സ നൽകിയില്ലെന്നായിരുന്നു റിപ്പോർട്ടിൽ പരാമർശം. വിദഗ്ധ ചികിത്സ നൽകുന്നതിലും കാലതാമസം ഉണ്ടായെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടി. എത്തിക്സ് കമ്മിറ്റിക്കാണ് മെഡിക്കൽ ബോർഡ് റിപ്പോർട്ട് നൽകിയത്. റിപ്പോർട്ട് തള്ളിയ എത്തിക്സ് കമ്മിറ്റി വീണ്ടും വിശദമായി അന്വേഷിക്കാൻ നിർദേശം നൽകുകയും ചെയ്തു. ഇതിന് പിന്നാലെയാണ് ആശുപത്രിക്കെതിരെ നടപടി കൂടി വന്നത്.

കുടവയർ ഇല്ലാതാക്കാമെന്ന സോഷ്യൽ മീഡിയ പരസ്യം കണ്ടാണ് യുവതി കഴക്കൂട്ടത്തെ കോസ്മറ്റിക്ക് ക്ലിനിക്കിനെ ബന്ധപ്പെടുന്നത്.

# ആഴക്കടൽ മത്സ്യസമ്പത്ത്: സംയുക്ത സാധ്യതാ പഠനത്തിന് സിഎംഎഫ്ആർഐയും സിഫ്റ്റും

കൊച്ചി: ഇന്ത്യയുടെ ആഴക്കടൽ മത്സ്യസമ്പത്ത് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള സാധ്യതകൾ പഠിക്കുന്ന സംയുക്ത ഗവേഷണ പദ്ധതിക്ക് തുടക്കമായി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെയും (സിഎംഎഫ്ആർഐ) കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനത്തിന്റെയും (സിഫ്റ്റ്) പങ്കാളിത്തത്തിലാണ് പദ്ധതി.

ഇന്ത്യൻ സമുദ്രാതിർത്തിയിലെ ആഴക്കടലിൽ ഗണ്യമായ മത്സ്യസമ്പത്തുണ്ട്. എന്നാൽ, ഇവ പിടിക്കപ്പെടാതെ കിടക്കുകയാണ്. ഇരുന്നൂറ് മീറ്റർ മുതൽ ആയിരം മീറ്റർ വരെ ആഴമുള്ള ഭാഗങ്ങളിൽ കാണപ്പെടുന്ന മിസോപെലാജിക് മത്സ്യങ്ങളുടെ അളവും സുസ്ഥിരമായി പിടിക്കാവുന്ന രീതികളും അവയുടെ വ്യാവസായിക സാധ്യതകളുമാണ് പഠന വിധേയമാക്കുന്നത്.

മെഴുക് ധാരാളമടങ്ങിയിരിക്കുന്നതിനാൽ ഇവ മനുഷ്യർക്ക് ഭക്ഷ്യയോഗ്യമല്ല. എന്നാൽ, മത്സ്യത്തീറ്റ നിർമാണം, ന്യട്രാസ്യൂട്ടിക്കൽ ഉൽപാദനം തുടങ്ങി നിരവധി വ്യാവസായിക ആവശ്യങ്ങളിൽ ഇവ ഉയോഗിക്കാനാകും.

മത്സ്യത്തീറ്റക്ക് ഇവയെ ഉപയോഗിക്കുന്നതിലൂടെ ഈ ആവശ്യങ്ങൾക്ക് തീരക്കടലുകളിലെ മത്തി പോലുള്ള വാണിജ്യമത്സ്യങ്ങളെ അമിതമായി ആശ്രയിക്കുന്നത് തടയാനാകും.



തീരക്കടലുകളിലെ മീനുകളിന്മേലുള്ള അമിത സമ്മർദം ഒഴിവാക്കി സുസ്ഥിരത മെച്ചപ്പെടുത്തലും സംയുക്ത പദ്ധതിയുടെ ലക്ഷ്യമാണ്.

മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ എന്നിവരുമായി സഹകരിച്ച് പരീക്ഷണാടിസ്ഥാനത്തിലാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന പഠനത്തിന് തുടക്കമിട്ടിരിക്കുന്നത്. ഗവേഷണ ഫലം അനുസരിച്ചായിരിക്കും വൻതോതിൽ ഈ മത്സ്യസമ്പത്ത് വിനിയോഗിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുക. പ്രധാന മന്ത്രി മത്സ്യസമ്പദ യോജനക്ക് കീഴിൽ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡാണ് (എൻഫ് ഡി ബി) സാധ്യതാ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്നത്. പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കി ഈ മത്സ്യ സമ്പത്ത് വാണിജ്യമായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പഠനവിധേയമാക്കും.

ഇന്ത്യൻ സമുദ്രാതിർത്തിയിൽ ഏകദേശം 20 ലക്ഷം ടൺ മിസോപെലാജിക് മത്സ്യസമ്പത്തുണ്ടെന്നാണ് പ്രാഥമിക വിലയിരുത്തൽ. ഇവയുടെ ലഭ്യത, ജീവശാസ്ത്രം, സ്റ്റോക് നിർണയം തുടങ്ങിയവ ശാസ്ത്രീയമായി വിലയിരുത്തുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. ഇന്ത്യൻ സമുദ്രമത്സ്യ മേഖലയിൽ നിർണായക ചുവടുവെയ്പാണിതെന്നും അദ്ദേഹം പറഞ്ഞു.

മൂല്യവർധിത ഉൽപാദനരംഗത്ത് മികച്ച സാധ്യതകളാണ് ഈ മത്സ്യസമ്പത്തിനുള്ളതെന്ന് സിഫ്റ്റ് ഡയറക്ടർ ഡോ ജോർജ് നൈനാൻ പറഞ്ഞു. ഒമാൻ ഉൾപ്പെടെ പല രാജ്യങ്ങളിലെയും വ്യവസായങ്ങളുടെ നട്ടെല്ലാണ് ഈ മേഖലയെന്നും അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ സുജിത തോമസാണ് പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ. സിഫ്റ്റ് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ രമേഷൻ എം പി ലീഡ് ഇൻവസ്റ്റിഗേറ്ററാണ്.

## നന്തൻകോട് കൂട്ടക്കൊല: പ്രതി കേഡൽ ജിൻസൻ രാജ കുറ്റക്കാരനെന്ന് കോടതി; ശിക്ഷാവിധി ഇന്ന്

തിരുവനന്തപുരം : നന്തൻകോട് കൂട്ടക്കൊല കേസിൽ പ്രതി കേഡൽ ജിൻസൻ രാജ കുറ്റക്കാരൻ എന്ന് കോടതി. തിരുവനന്തപുരം ആറാം അഡീഷനൽ സെഷൻസ് കോടതിയാണ് വിധി പുറപ്പെടുവിച്ചത്. ശിക്ഷാ വിധിയിൽ ഇന്ന് വാദം നടക്കും. 2017 ഏപ്രിൽ എട്ടിനാണ് ക്ലിഫ് ഹൗസിനു സമീപത്തുള്ള ബെയ്ൻസ് കോംപൗണ്ടിലെ 117 ാം നമ്പർ വീട്ടിൽ പ്രഫ. രാജ തങ്കം, ഭാര്യ ഡോ. ജീൻ പത്മ, മകൾ കരോലിൻ, ബന്ധു ലളിത എന്നിവരെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്. കേഡൽ ജിൻസൻ രാജ, മാതാപിതാക്കളെയും സഹോദരിയെയും ബന്ധുവിനെയും അതിദാരുണമായി കൊലപ്പെടുത്തി എന്നാണു കേസ്.

തന്നെ നിരന്തരം അവഗണിച്ച പിതാവിനെ കൊലപ്പെടുത്താനാണ് ആദ്യം പദ്ധതിയിട്ടതെന്നും പിന്നീടു മറ്റുള്ളവരെയും കൊലപ്പെടുത്തിയെന്നുമാണ് പൊലീസ് കണ്ടെത്തൽ. ജീനിന്റെയും കരോലിന്റെയും മൃതദേഹങ്ങൾ പൂർണമായി കത്തിയമർന്നിരുന്നു. രാജയുടെ ശരീരം ഭാഗികമായി കത്തിയിരുന്നു. മഴു ഉപയോഗിച്ചു തലയ്ക്കു വെട്ടിയാണ് പ്രതി രാജയെ കൊന്നതെന്നാണ് പൊലീസ് നിഗമനം. ശരീരത്തിലെ ഒൻപതു മുറിവുകളിൽ ഏഴെണ്ണം തലയോട്ടിയിലായിരുന്നു. കൊലപാതകം, തെളിവ് നശിപ്പിക്കൽ, മാരകായുധങ്ങൾ ഉപയോഗിച്ചു പരുക്കേൽപ്പിക്കുക, വീട് നശിപ്പിക്കൽ എന്നീ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകളാണു കേഡലിനെതിരെ ചുമത്തിയത്.



നോട്ടിക്കൽ ടൈംസ് കേരള



# ഇന്ത്യൻ സാഹചര്യങ്ങൾക്കനുസൃതമായി രക്തത്തിലെ ഘടകങ്ങളുടെ മാനദണ്ഡപരിധികൾ പുനഃക്രമീകരിക്കണം: പ്രശസ്ത ശാസ്ത്രജ്ഞൻ ഉല്ലാസ് കൊൽത്തൂർ സീതാറാം



നാഷണൽ ടെക്നോളജി ഡേ 2025ൻറെ ഭാഗമായി ബയോ ടെക്നോളജി റിസർച്ച് ആൻഡ് ഇന്നോവേഷൻ കൗൺസിൽ- രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയിൽ നടന്ന പരിപാടിയിൽ ബി ആർ ഐ സി- സി ഡി എഫ് ഡി ഡയറക്ടർ പ്രൊഫസർ ഉല്ലാസ് കൊൽത്തൂർ സീതാറാം പ്രഭാഷണം നടത്തുന്നു

തിരുവനന്തപുരം: പാശ്ചാത്യ ജനതയ്ക്ക് വേണ്ടി നിശ്ചയിച്ചിട്ടുള്ള മൂല്യങ്ങൾക്ക് പകരം ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ രക്തത്തിലെ ഘടകങ്ങളുടെ സാധാരണ മാനദണ്ഡ പരിധികൾ പുനഃക്രമീകരിക്കേണ്ടത് ആവശ്യമാണെന്ന് ഹൈദരാബാദിലെ സെൻറർ ഫോർ ഡിഎൻഎ ഫിംഗർ പ്രിൻറിംഗ് ആൻഡ് ഡയഗ്നോസ്റ്റിക്സ് (ബിആർഐസി-സിഡിഎഫ് ഡി) ഡയറക്ടർ പ്രൊഫ. ഉല്ലാസ് കൊൽത്തൂർ സീതാറാം പറഞ്ഞു. ബിആർഐസി-ആർജിസിബിയിൽ (രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടക്നോളജി) നടന്ന നാഷണൽ ടെക്നോളജി ഡേ (എൻടിഡി) 2025 പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

പ്രമേഹം, ഹൃദയ സംബന്ധമായ രോഗങ്ങൾ തുടങ്ങിയ രോഗാവസ്ഥ നിർണ്ണയിക്കുന്നതിൽ രക്തത്തിലെ ഘടകങ്ങൾ പൊതുവെ അടിസ്ഥാനപരമാണെങ്കിലും, പല സാധാരണ റഫറൻസ് പരിധികളും ഇന്ത്യൻ ജനസംഖ്യയ്ക്ക് വേണ്ടി പുനഃക്രമീകരിക്കേണ്ടതുണ്ടെന്ന് പുതിയ ഗവേഷണങ്ങൾ അടിവരയിടുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയിൽ ലബോറട്ടറികളിൽ ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ പാശ്ചാത്യ ജനതയുടെ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കിയുള്ളതാണ്.

ജനിതകം, ഭക്ഷണക്രമം, പാരിസ്ഥിതികമായ വ്യത്യാസങ്ങൾ എന്നിവയ്ക്ക് ജീവശാസ്ത്രപരമായ സൂചകങ്ങളെയും ജൈവചരിത്ര പശ്ചാത്തലത്തെയും മാറ്റാൻ കഴിയും.

ഭക്ഷണക്രമത്തിലെ പെട്ടെന്നുള്ളതും ദീർഘകാലവുമായ മാറ്റങ്ങൾ എങ്ങനെയാണ് ആരോഗ്യത്തെ അടിസ്ഥാനപരമായ തലത്തിൽ സ്വാധീനിക്കുന്നത് എന്ന വിഷയത്തിൽ അത്യാധുനിക ഗവേഷണങ്ങൾ നടക്കുകയാണ്. മൈറ്റോകോൺഡ്രിയൽ പ്രവർത്തനം, എപ്പിജെനെറ്റിക് റെഗുലേഷൻ എന്നിവ ഇതിൽ സ്വാധീനം ചെലുത്തുന്നുണ്ടെന്ന് കണ്ടെത്തിക്കഴിഞ്ഞുവെന്നും പ്രൊഫ. ഉല്ലാസ് കൊൽത്തൂർ സീതാറാം പറഞ്ഞു.മൈറ്റോകോൺഡ്രിയൽ പ്രവർത്തനം, എപ്പിജെനെറ്റിക്സ്, പോഷകാഹാരം എന്നിവ എങ്ങനെ ആരോഗ്യത്തെ രൂപപ്പെടുത്തുന്നതിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ചുള്ള ധാരണയ്ക്ക് പ്രൊഫ. ഉല്ലാസ് സുപ്രധാനമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ടിഐഎഫ്ആർ(ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെൻറൽ റിസർച്ച്) മുംബൈയിൽ നിന്നാണ് അദ്ദേഹം സിഡിഎഫ് ഡിയിൽ എത്തിയത്. ടിഐഎഫ്ആറിൽ മെറ്റബോളിസം, ഡെവലപ്മെൻറ് ഏജിംഗ് (എആർയുഎംഡിഎ) എന്ന നൂതന ഗവേഷണ വിഭാഗം സ്ഥാപിച്ചു. പോഷകാഹാരക്കുറവ്, പകർച്ചവ്യാധികളല്ലാത്ത രോഗങ്ങൾ, വാർദ്ധക്യം തുടങ്ങിയ ഇന്ത്യയുടെ വെല്ലുവിളികളെ ഇൻറർ ഡിസിപ്ലിനറി ഗവേഷണത്തിലൂടെ അഭിമുഖീകരിക്കുന്ന മുൻനിര സംരംഭമാണിത്.

ഈ വർഷത്തെ ദേശീയ സാങ്കേതികവിദ്യ ദിനത്തിൻറെ വിഷയമായ 'വികസിത ഭാരതത്തിനായി ശാസ്ത്രത്തിലും നവീനതയിലും ആഗോള നേതൃത്വത്തിന് ഇന്ത്യൻ യുവത്വത്തെ ശാക്തീകരിക്കുന്നു' എന്നത് എറെ ശ്രദ്ധേയമാണെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന ബിആർഐസി -ആർജിസിബി ഡയറക്ടർ പ്രൊഫ. ചന്ദ്രഭാസ് നാരായണ പറഞ്ഞു. ഗവേഷണം, സംരംഭകത്വം, ഗവേഷണത്തിലൂടെയുള്ള നൈപുണ്യ വികസനം എന്നിവയ്ക്ക് നിലവിൽ വലിയ ഊന്നൽ നൽകുന്നുണ്ട്. യുവ ഗവേഷകർക്കും സംരംഭകർക്കും വഴിത്തിരിവാകുന്ന കണ്ടുപിടുത്തങ്ങൾ നടത്താനും സാങ്കേതികവിദ്യകളിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾക്കായി ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കാനും ആർജിസിബി എന്നും മുൻനിരയിലുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി കുടുംബശ്രീ 'പ്രത്യാശ' പദ്ധതി: ജീവിതമാർഗം തുറന്നു കിട്ടിയത് 2167 പേർക്ക്

തിരുവനന്തപുരം: പ്രത്യേക പരിഗണന അർഹിക്കുന്ന പാർശ്വവൽകൃത സമൂഹത്തിൽ പെട്ടവർക്കായി കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രത്യാശ പദ്ധതി തുണയായത് 2167 പേർക്ക്.

ഇതിൽ 56 പേർ ട്രാൻസ് ജെൻഡർ വിഭാഗത്തിൽ പെടുന്നവരാണ്. ഇവരെ കൂടാതെ ഭിന്നശേഷിക്കാർ വയോജനങ്ങൾ, ഗാർഹികാതിക്രമങ്ങൾക്ക് വിധേയരായവർ എന്നിവർക്ക് സ്വയം പര്യാപ്തത നേടിക്കൊടുക്കുന്നതിൻറെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിൻറെ ഭാഗമായി തയ്യൽ, ഫുഡ് പ്രോസസിങ്ങ്, തുണി സഞ്ചി, പേപ്പർ പേന നിർമാണം, കാറ്ററിങ്ങ് എന്നീ വിഭാഗങ്ങളിൽ ആകെ 2037 സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ പിന്തുണ നൽകി. ട്രാൻസ് ജെൻഡർ വിഭാഗത്തിൽ പെട്ടവർ മുഖേന 19 സംരംഭങ്ങളും സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.

ജീവിതത്തിൽ ഏറെ വെല്ലുവിളികൾ നേരിടേണ്ടി വരുന്ന പാവപ്പെട്ടവർക്ക് ഉപജീവന മാർഗങ്ങൾ കണ്ടെത്താൻ സഹായിക്കുന്നതിനായി കുടുംബശ്രീ ആവിഷ്ക്കരിച്ച പദ്ധതിയാണ് പ്രത്യാശ. ഗുണഭോക്താക്കൾക്ക് പദ്ധതി വഴി വ്യക്തിഗത സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50,000 രൂപയും ഗ്രൂപ്പ് സംരംഭത്തിന് പരമാവധി 2,50,000/ രൂപ വരെയും സ്റ്റാർട്ടപ് ഫണ്ട് ഇനത്തിൽ സാമ്പത്തിക സഹായമായി നൽകുന്നുണ്ട്. സംരംഭങ്ങൾ ആരംഭിച്ച് മികവിലേക്കുയരാൻ തൊഴിൽ വൈദഗ്ധ്യ പരിശീലനവും സബ്സിഡി ഉൾപ്പെടെയുള്ള ധനസഹായവും നിരന്തരമായ പിന്തുണയും കുടുംബശ്രീ ലഭ്യമാക്കുന്നുണ്ട്.

# അതിഥി അധ്യാപക നിയമനം

തിരൂർ തുഞ്ചൻ മെമ്മോറിയൽ ഗവ. കോളേജിൽ 2025 -26 അധ്യയന വർഷത്തേക്ക് സംസ്കൃതം, ഇംഗ്ലീഷ്, കംപ്യൂട്ടർ സയൻസ് വകുപ്പുകളിൽ അതിഥി അധ്യാപകരുടെ ഒഴിവുണ്ട്.

യു.ജിസി റെഗുലേഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ നിയമനം നേടുന്നതിനുള്ള യോഗ്യതയുള്ളവരും കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഉദ്യോഗാർത്ഥികൾ യോഗ്യതകൾ, മുൻ പരിചയം എന്നിവ തെളിയിക്കുന്ന അസൽ രേഖകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി അഭിമുഖത്തിന് ഹാജരാകണം. നെറ്റ്/പി.എച്ച്.ഡി യോഗ്യത ഇല്ലാത്തവരുടെ അഭാവത്തിൽ പി.ജിയിൽ 55 ശതമാനം യോഗ്യതയുള്ളവരെയും പരിഗണിക്കും.

കംപ്യൂട്ടർ സയൻസ് വിഭാഗം മേയ് 22ന് രാവിലെ 10.30, സംസ്കൃതം 22ന് ഉച്ചയ്ക്ക് 2 മണി, ഇംഗ്ലീഷ് വിഭാഗം മേയ് 23ന് രാവിലെ 10.30 എന്നിങ്ങനെയാണ് ഇന്റർവ്യു സമയക്രമം.

# വീഡിയോ എഡിറ്റിങ് കോഴ്സ്: മേയ് 25 വരെ അപേക്ഷിക്കാം

സർക്കാർ സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ തിരുവനന്തപുരം, കൊച്ചി സെന്ററുകളിൽ നടത്തുന്ന വീഡിയോ എഡിറ്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് മേയ് 25 വരെ അപേക്ഷിക്കാം. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ 6 മാസമാണ് കോഴ്സിന്റെ കാലാവധി. എഴുത്തുപരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. നൂതന സോഫ്റ്റ്വെയറുകളിൽ പരിശീലനം നൽകും. കോഴ്സിന്റെ ഭാഗമായി പ്രായോഗിക പരിശീലനവും നൽകും.

സർക്കാർ അംഗീകാരമുള്ള കോഴ്സിന് 34,500 രൂപയാണ് ഫീസ്. പട്ടികജാതി/ പട്ടികവർഗ/ ഒ.ഇ.സി വിദ്യാർഥികൾക്ക് നിയമപരമായ ഇളവ് ലഭിക്കും. പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് www.keralamediaacademy.org വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫീസ് 300 രൂപ (പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് 150 രൂപ) ജി-പേ/ ഇ-ട്രാൻസ്ഫർ/ ബാങ്ക് മുഖേന അടച്ച രേഖയും, സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മേയ് 25. കൂടുതൽ വിവരങ്ങൾക്ക് ഫോൺ:0484 2422275.

# വിദ്യാഭ്യാസ കായിക പ്രോത്സാഹന അവാർഡിന് അപേക്ഷ ക്ഷണിച്ചു

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (മത്സ്യബോർഡ്) മത്സ്യതൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും മക്കൾക്കായി നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസകായിക പ്രോത്സാഹന അവാർഡിന് അപേക്ഷകൾ ക്ഷണിച്ചു. 2024-25 അധ്യയന വർഷം എസ്.എസ്.എൽ.സി, പ്ലസ്.ടു/ വി.എച്ച്.എസ്.സി പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾ, ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ നിന്ന് ഉന്നത വിജയം വിദ്യാർത്ഥികൾ, കായിക മത്സരങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും വിജയം വിദ്യാർത്ഥികൾ എന്നിവർക്കാണ് വിദ്യാഭ്യാസ പ്രോത്സാഹന അവാർഡിന് അർഹത. 2025ലെ എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.എൽ.സി പരീക്ഷകളിൽ 10എ+, 9എ+, 8എ+ വാങ്ങിയ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി വിഭാഗത്തിൽ അവാർഡിന് അപേക്ഷിക്കാം.

2025 ലെ പ്ലസ്ടു/ വി.എച്ച്.എസ്.സി പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ+ വാങ്ങിയ വിദ്യാർത്ഥികൾക്ക് പ്ലസ്ടു/ വി.എച്ച്.എസ്.സി വിഭാഗത്തിൽ അവാർഡിന് അപേക്ഷിക്കാം.

വ്യക്തിഗതവും ഗ്രൂപ്പ് അടിസ്ഥാനത്തിലും ഉള്ള കായിക മത്സര ഇനങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കായിക പ്രോത്സാഹന അവാർഡിന് അപേക്ഷിക്കാം.

എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടുന്ന വർക്ക് 5000 രൂപയും 9എ+ നേടുന്നവർക്ക് 4000 രൂപയും, 8എ+ നേടുന്നവർക്ക് 3000രൂപയും പ്രോത്സാഹന തുകയായി നൽകും.ഹയർസെക്കൻഡറി (+2), വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടുന്ന വിദ്യാർത്ഥികൾക്ക് 5000രൂപ പ്രോത്സാഹന തുകയായി നൽകും.

കായിക മത്സരങ്ങളിൽ ദേശിയതലത്തിലും, സംസ്ഥാന തലത്തിലും വ്യക്തികത, ഗ്രൂപ്പ് മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡും, മൊമന്റോയും നൽകി ആദരിക്കും.

ദേശിയ തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 10,000 രൂപയും, രണ്ടാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 8,000 രൂപയും, മൂന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 5000 രൂപയും, സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന വിദ്യാർത്ഥികൾക്ക് 5000 രൂപയും പ്രോത്സാഹന തുകയായി നൽകും.

ദേശിയ തലത്തിൽ ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 8,000 രൂപയും, രണ്ടാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 5,000 രൂപയും, മൂന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 3000 രൂപയും പ്രോത്സാഹന തുകയായി നൽകുന്നു.

സംസ്ഥാന തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 5,000 രൂപയും, രണ്ടാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 3,000 രൂപയും, മൂന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 2000 രൂപയും പ്രോത്സാഹന തുകയായി നൽകും.സംസ്ഥാന തലത്തിൽ ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 3,000 രൂപയും, രണ്ടാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 2,000 രൂപയും, മൂന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 1000 രൂപയും പ്രോത്സാഹന തുകയായി നൽകും.

പാസ്സ് സർട്ടിഫിക്കറ്റിന്റെയും മാർക്ക് ലിസ്റ്റിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്, രക്ഷാകർത്താവിന്റെ ക്ഷേമനിധി ബോർഡ് പാസ്സ് ബുക്കിന്റെ ഫോട്ടോ പതിച്ച പേജ്, കുടുംബ വിവര പേജ്, വിഹിതമടവ് രേഖപ്പെടുത്തിയിട്ടുള്ള പേജ് എന്നിവയുടെ പകർപ്പ്, 3. വിദ്യാർഥിയുടെ ആധാർ പകർപ്പ്, വിദ്യാർഥിയുടെ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, പാസ്പോർട്ട് സൈസ് കളർ ഫോട്ടോ (2 എണ്ണം) എന്നിവയാണ് ഹാജരാക്കേണ്ട രേഖകൾ. 2 സെറ്റ് അപേക്ഷകൾ അനുബന്ധ രേഖകൾക്കൊപ്പം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫിഷറീസ് ഓഫീസുകളിൽ മേയ് 20ന് മുമ്പ് ഹാജരാക്കണം.

# ഫോട്ടോജേണലിസം ഡിപ്ലോമ: അപേക്ഷാ തിയതി നീട്ടി

സംസ്ഥാന സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമി തിരുവനന്തപരം, കൊച്ചി സെന്ററുകളിൽ നടത്തുന്ന ഫോട്ടോ ജേണലിസം കോഴ്സിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു.

തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ മൂന്ന് മാസമാണ് കോഴ്സിന്റെ കാലാവധി. ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസ്സുകൾ. 25 വീതം സീറ്റുകൾ ഉണ്ട്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 25,000 രൂപയാണ് ഫീസ്.

പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷ തപാൽ മുഖേനേയോ, ഓൺലൈൻ ആയോ സമർപ്പിക്കാം https://forms.gle/DKb3k2LfSv5ZK3Nh6 എന്ന ലിങ്കിലൂടെയും അപേക്ഷ സമർപ്പിക്കാം.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മേയ് 20. ഫോൺ: കൊച്ചി 8281360360, തിരുവനന്തപുരം 9447225524. അപേക്ഷ അയക്കേണ്ട വിലാസം: സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട് കൊച്ചി- 30, 0484 2422275 വിശദവിവരങ്ങൾക്ക് അക്കാദമിയുടെ www.keralamediaacademy.org വെബ്സൈറ്റ് സന്ദർശിക്കുക.

# അപേക്ഷ ക്ഷണിച്ചു

പട്ടികവർഗ വികസന വകുപ്പിനു കീഴിൽ ശ്രീകാര്യം കട്ടേലയിൽ പ്രവർത്തിക്കുന്ന ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ആയ, കുക്ക് എന്നീ തസ്തികകളിലേക്കായി താത്കാലിക നിയമനം നടത്തുന്നു.

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾക്കു മാത്രമേ അപേക്ഷിക്കാനാകൂ. കുക്ക് തസ്തികയിൽ അപേക്ഷിക്കുന്നവർ പത്താംക്ലാസ് പാസായിരിക്കണം.

ഗവ. അംഗീകൃത ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിട്യൂട്ടിൽ നിന്നുള്ള സർട്ടിഫിക്കറ്റ് / കെ.ജി.ടി.ജി ഇൻ ഫുഡ് പ്രൊഡക്ഷൻ യോഗ്യതയും, പ്രവർത്തി പരിചയവും ഉള്ളവർക്ക് മുൻഗണന ലഭിക്കും.

ആയ തസ്തികയിൽ അപേക്ഷിക്കുന്നവർ ഏഴാം ക്ലാസ് വിദ്യാഭ്യാസ യോഗ്യത ഉള്ളവരായിരിക്കണം. പ്രവർത്തിപരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും.

താത്പര്യമുള്ളവർ വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷ, ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, വയസ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം മെയ് 21ന് രാവിലെ 10 മണിക്ക് സ്കൂളിൽ നടക്കുന്ന വാക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കണം.

# ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനെ നിയമിക്കുന്നു

പട്ടികവർഗ വികസന വകുപ്പിനു കീഴിൽ ശ്രീകാര്യം കട്ടേലയിൽ പ്രവർത്തിക്കുന്ന ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 2025-26 അധ്യയന വർഷത്തേക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾക്കാണ് നിയമനം . പട്ടികവർഗ വിഭാഗക്കാരുടെ അഭാവത്തിൽ പട്ടികജാതി/മറ്റുവിഭാഗക്കാരെ പരിഗണിക്കും.

താത്പര്യമുള്ള 10നും 41നും മദ്ധ്യേ പ്രയമുള്ളവർ വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷ, ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, വയസ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം മെയ് 21ന് ഉച്ചയ്ക്ക് 02 മണിക്ക് സ്കൂളിൽ നടക്കുന്ന വാക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കണം.

കൂടുതൽ വിവരങ്ങൾക്ക് 6282354584 .

# പരീക്ഷാ തീയതിയും അപേക്ഷ സമർപ്പണത്തിനുള്ള അവസാന തീയതിയും പുതുക്കി നിശ്ചയിച്ചു

2025 ഏപ്രിൽ 25ന് നടത്താൻ നിശ്ചയിച്ചിരുന്ന 2025-26 അധ്യയന വർഷത്തെ സംയോജിത പഞ്ചവത്സര, ത്രിവത്സര എൽ.എൽ.ബി. കോഴ്സുകളിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ ജൂൺ 1ന് നടത്താൻ നിശ്ചയിച്ചിരിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മേയ് 19ന് ഉച്ചക്ക് 12 മണി വരെ ദീർഘിപ്പിച്ചു. ഹെൽപ് ലൈൻ നമ്പർ : 0471 2525300, 2332120, 2338487.

# ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നീട്ടി

മേയ് 24ന് നടത്താൻ നിശ്ചയിച്ചിരുന്ന 2025-26 അദ്ധ്യയന വർഷത്തെ എം.ബി.എ. പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയായ കേരള മാനേജ്മെന്റ് ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് (സെഷൻ-കക) മേയ് 31 ലേക്ക് മാറ്റി. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മേയ് 19ന് ഉച്ചയ്ക്ക് 12 മണിവരെ നീട്ടി. കേരളത്തിൽ എം.ബി.എ പ്രവേശനം ആഗ്രഹിക്കുവന്നവർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റ് വഴി നിശ്ചിത തീയതിയ്ക്കുള്ളിൽ അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് മേൽ വെബ്സൈറ്റ് സന്ദർശിക്കുക.

# താത്പര്യപത്രം ക്ഷണിച്ചു

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനിൽ ഹെഡ് ഓഫീസ് നവീകരണത്തിനും, ഭിന്നശേഷി സൗഹൃദമാക്കുന്നതിനും കേരള സർക്കാർ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് അംഗീകൃത ഏജൻസികളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: https://www.hpwc.kerala.gov.in/ ഫോൺ: 0471 2347768, 9497281896.

# വനിതാ കമ്മീഷൻ അദാലത്ത് 16ന് കൊല്ലത്ത്

കേരള വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന കൊല്ലം ജില്ലാതല അദാലത്ത് 2025 മേയ് 16 ന് നടക്കും. കൊല്ലം ആശ്രാമം ഗസ്റ്റ് ഹൗസ് ഹാളിൽ രാവിലെ 10ന് ആരംഭിക്കുന്ന അദാലത്തിൽ പുതിയ പരാതികളും സ്വീകരിക്കും.

# നിരക്കുകുറച്ചു; കൂടുതൽ ആകർഷകമായി ശ്രീലങ്കൻ കപ്പൽ സർവീസ്



ചെന്നൈ: നിരക്കു കുറയ്ക്കുകയും പുതിയ വിനോദസഞ്ചാര പാക്കേജുകൾ അവതരിപ്പിക്കുകയും ചെയ്തതോടെ ശ്രീലങ്കയിലേക്കുള്ള കപ്പൽ സർവീസ് കൂടുതൽ ആകർഷകമായി. അടുത്തമാസം പുതിയൊരു കപ്പൽ സർവീസ് കൂടി ആരംഭിച്ചേക്കും. രാമേശ്വരത്തുനിന്ന് ജൂലായിൽ മറ്റൊരു സർവീസ് തുടങ്ങാനും പദ്ധതിയുണ്ട്.

തമിഴ്നാട്ടിലെ നാഗപട്ടണത്തുനിന്ന് ശ്രീലങ്കയിലെ കാങ്കേശൻതുറയിലേക്ക് ശുഭം ഗ്രൂപ്പ് നടത്തുന്ന കപ്പൽ സർവീസിന്റെ നിരക്കുകളാണ് വീണ്ടും കുറച്ചത്. ശ്രീലങ്കയിൽ പോയി തിരിച്ചുവരാനുള്ള മടക്ക ടിക്കറ്റിന്റെ നിരക്ക് 8,500 രൂപയിൽനിന്ന് 8,000 രൂപയായാണ് കുറച്ചത്. കഴിഞ്ഞ വർഷം ഇത് 9,700 രൂപയായിരുന്നു. സൗജന്യമായി കൊണ്ടുപോകാവുന്ന ലഗേജിന്റെ ഭാരം 10 കിലോഗ്രാമിൽനിന്ന് 22 കിലോഗ്രാം ആയി കൂട്ടിയിട്ടുണ്ട്. വേനൽക്കാലത്തേക്കാണ് ഈ ഇളവുകൾ.

ജാഫ്ന, തലൈമാന്നാർ, മുല്ലത്തീവ്, അനുരാധപുരം, ട്രിങ്കോമാലി തുടങ്ങിയ സ്ഥലങ്ങളിലേക്ക് പുതിയൊരു ടൂർ പാക്കേജുകൂടി ശുഭം ഗ്രൂപ്പ് അവതരിപ്പിച്ചിട്ടുണ്ട്. 15,000 രൂപ മുതലാണ് ഇതിന്റെ നിരക്ക്. യാത്രത്തിരക്ക് പരിഗണിച്ച് ഇതേ പാതയിൽ മറ്റൊരു കപ്പൽ കൂടി അടുത്തമാസം മുതൽ ഓടിക്കാനും ഉദ്ദേശിക്കുന്നുണ്ട്. 250 പേർക്കു കയറാവുന്ന ഈ സർവീസിന് ഉടൻ അനുമതി ലഭിച്ചേക്കുമെന്നാണ് പ്രതീക്ഷ.

വർഷങ്ങളുടെ ഇടവേളയ്ക്കുശേഷം 2023 ഒക്ടോബർ 14-നാണ് ശ്രീലങ്കയിലേക്കുള്ള കപ്പൽ സർവീസ് ഉദ്ഘാടനം ചെയ്തത്. ഏതാനും ദിവസങ്ങൾക്കുശേഷം സർവീസ് നിർത്തിവെച്ചു. കഴിഞ്ഞ വർഷം ഓഗസ്റ്റ് 16-നാണ് ഇത് പുനരാരംഭിച്ചത്. യാത്രക്കാർ കുറവായിരുന്നതിനെത്തുടർന്ന് ആഴ്ചയിൽ മൂന്നു ദിവസമായി കുറച്ച സർവീസ് പിന്നീട് അഞ്ചു ദിവസമായി വർധിപ്പിച്ചു. നിലവിൽ ആറുദിവസമാണ് സർവീസ്.

ഇതിനു പുറമേയാണ് രാമേശ്വരത്തുനിന്ന് ശ്രീലങ്കയിലെ തലൈമാന്നാറിലേക്ക് സർവീസ് തുടങ്ങാൻ തമിഴ്നാട് മാരിറ്റൈം ബോർഡ് പദ്ധതിയിടുന്നത്. ഇതിനുവേണ്ട കസ്റ്റംസ്, ഇമിഗ്രേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വിദേശ മന്ത്രാലയത്തെ സമീപിച്ചിട്ടുണ്ട്. നാഗപട്ടണത്തുനിന്ന് കാങ്കേശൻതുറയിലേക്കുള്ള സർവീസ് നാലുമണിക്കൂറോളമെടുത്താണ് 111 കിലോമീറ്റർ ദൂരം താണ്ടുന്നത്. എന്നാൽ,

രാമേശ്വരത്തുനിന്ന് തലൈമാന്നാറിലേക്ക് 27 കിലോമീറ്റർ ദൂരമേയുള്ളൂ. അതിന് ഒരു മണിക്കൂറിൽ താഴെ സമയം മതി. സർവീസ് സംബന്ധിച്ച് മദ്രാസ് ഐഐടിയിലെ വിദഗ്ധർ വിശദ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്.

# ഇന്ത്യ: പാക് വെടിനിർത്തൽ ചർച്ചനടത്തിയത് ഡിജിഎംഒ തലത്തിൽ, മധ്യസ്ഥരില്ല

ന്യൂഡൽഹി: സംഘർഷം നിർത്തിവെക്കാൻ ധാരണയായത് ഇന്ത്യ-പാകിസ്ഥാൻ സൈനിക ഓപ്പറേഷൻസ് ഡയറക്ടർ ജനറൽമാർ (ഡിജിഎംഒ) നേരിട്ട് നടത്തിയ ചർച്ചയിലെന്ന് ആവർത്തിച്ച് ഇന്ത്യ.

സംഘർഷം മൂർച്ഛിക്കുന്നതിനിടയിൽ അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങൾ ചർച്ചനടത്തിയിട്ടുണ്ട്. എന്നാൽ, ശനിയാഴ്ച സംഘർഷം നിർത്തിവെക്കാനെടുത്ത തീരുമാനം ഇന്ത്യ-പാക് ഡിജിഎംഒമാരുടെ ചർച്ചയിലാണെന്ന് കേന്ദ്രസർക്കാർ വൃത്തങ്ങൾ വ്യക്തമാക്കി. ചർച്ചയിൽ മധ്യസ്ഥന്മാർ ഉണ്ടായിരുന്നില്ലെന്ന്, അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ അവകാശവാദത്തോട് അധികൃതർ പ്രതികരിച്ചു.

രാഷ്ട്രീയ-ഭരണതല ചർച്ച പാടില്ല, ഡിജിഎംഒ തലത്തിലായിരിക്കണം ചർച്ച എന്ന കർശനനിലപാടാണ് ഇന്ത്യ സ്വീകരിച്ചത്. പാകിസ്ഥാൻ അടിച്ചാൽ തിരിച്ചടിക്കുമെന്നും സംഘർഷം നിർത്തിയാൽ ഇന്ത്യയും നിർത്തുമെന്നും ചർച്ചയ്ക്ക് തയ്യാറായാൽ ഇന്ത്യയും തയ്യാറാകുമെന്നുമായിരുന്നു തുടക്കംമുതൽ സ്വീകരിച്ച സമീപനം. 'വഹാംസെ ഗോലി ചലേഗി, യഹാം സെ ഗോള ചലേഗാ' (അവിടെനിന്ന് വെടിവെച്ചാൽ ഇവിടെനിന്ന് ബോംബിടും) എന്നാണ് ഇന്ത്യയുടെ സമീപനം. അമേരിക്കൻ വൈസ് പ്രസിഡന്റ് ജെ. ഡി. വാൻസിനോടും ഈ നിലപാട് വ്യക്തമാക്കിയിരുന്നു.

പാകിസ്ഥാനിലെ ഒൻപത് ഭീകരവാദകേന്ദ്രങ്ങൾ തകർത്തത് കനത്തതിരിച്ചടിയാണ്. ഇന്ത്യയിലെ 26 പ്രദേശങ്ങളിൽ അവർ ആക്രമണം നടത്തി. എന്നാൽ, പാകിസ്ഥാന്റെ സിയാൽകോട്ട ഉൾപ്പെടെയുള്ള എട്ട് വ്യോമതാവളങ്ങൾ ആക്രമിച്ച് കനത്തനാശനഷ്ടങ്ങളുണ്ടാക്കിയെന്നും കേന്ദ്രസർക്കാർ വൃത്തങ്ങൾ പറഞ്ഞു.

ദശകങ്ങളായി പാകിസ്ഥാൻ ഇന്ത്യയെ ലക്ഷ്യമിട്ട് ഭീകരപ്രവർത്തനം നടത്തുന്നുണ്ട്. എന്നാൽ, പഹൽഗാം സംഭവം വ്യത്യസ്തമായ ഭീകരാക്രമണവും വിഷയവുമാണ്. അതിനുശേഷം ഒരുതരത്തിലുമുള്ള ചർച്ചയും ഇരുരാജ്യങ്ങളും നടത്തിയിരുന്നില്ല. ഒട്ടേറെ ലോകനേതാക്കൾ സംഘർഷാന്തരീക്ഷം ലഘൂകരിക്കണമെന്നും പ്രശ്നം പരിഹരിക്കണമെന്നും അഭ്യർഥിച്ചു. എന്നാൽ, പഹൽഗാമിന് കനത്തമറുപടി നൽകാനാണ് ഇന്ത്യ തീരുമാനിച്ചത്. വളരെ ശ്രദ്ധയോടെ ഇന്ത്യൻ സൈന്യം സ്ഥലവും സമയവും നിശ്ചയിച്ച് തിരിച്ചടിച്ചു. ബഹാവൽപുർ, മെറീദ്കെ, മുസഫറാബാദ് എന്നിവിടങ്ങളിൽ ഇന്ത്യ നൽകിയത് കനത്ത ആഘാതമാണ്. ജയ്ഷെ മുഹമ്മദിന്റെ ആസ്ഥാനമാണ് ബഹാവൽപുരിൽ ഇന്ത്യ തകർത്തത്. ഇന്ത്യൻ സേനയുടെ കൈയിലെ ഏറ്റവും ശക്തിയുള്ള ആയുധങ്ങളിലൊന്നാണ് ബഹാവൽപുരിൽ പ്രയോഗിച്ചിരിക്കുന്നത്.

അനുരഞ്ജനചർച്ചയ്ക്ക് വിളിച്ചത് പാകിസ്ഥാൻ

ഇന്ത്യയുടെ പ്രത്യാക്രമണത്തിൽ പൊറുതിമുട്ടിയപ്പോൾ പാകിസ്ഥാൻ സൗഹൃദരാജ്യങ്ങളുമായി ബന്ധപ്പെട്ട് പ്രശ്നത്തിൽനിന്ന് തടിയൂരാൻ ശ്രമംതുടങ്ങി. അനുരഞ്ജനചർച്ചയ്ക്കുള്ള ശ്രമങ്ങൾ പാകിസ്ഥാൻ ആരംഭിച്ചു. ചർച്ച നടത്തണമെങ്കിൽ സൈനികതലത്തിൽ വേണമെന്നതായിരുന്നു ഇന്ത്യയുടെ നിലപാട്. ശനിയാഴ്ച ഉച്ചയ്ക്ക് ഒന്നിന് പാകിസ്ഥാൻ ഡിജിഎംഒ, ഇന്ത്യയുടെ ഡിജിഎംഒയെ വിളിച്ചു. എന്നാൽ, ഇന്ത്യയുടെ ഡിജിഎംഒ ചില യോഗങ്ങളിൽ പങ്കെടുക്കുകയായിരുന്നു. അതിനാൽ സംസാരിച്ചില്ല. തുടർന്ന് ഉച്ചകഴിഞ്ഞ് 3.30-ന് വീണ്ടും പാകിസ്ഥാൻ ഡിജിഎംഒ വിളിച്ചു. ഇരുവരും മാത്രമായി ചർച്ചനടത്തി. ഈ ചർച്ചയിൽ സൈനികനടപടികൾ നിർത്തിവെക്കാൻ ധാരണയായി.

എന്നാൽ, ഈ ധാരണ പാകിസ്ഥാൻ രാത്രിയിൽ ലംഘിച്ചു. അതിനെതിരേ ഇന്ത്യ പ്രതികരിച്ചു. തുടർന്ന് പാകിസ്ഥാൻ അക്രമം അവസാനിപ്പിച്ചു. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ബന്ധത്തിൽ പുതിയതലമാണ് പഹൽഗാം ആക്രമണവും പിന്നീടുള്ള പാകിസ്ഥാന്റെ ആക്രമണവും സൃഷ്ടിച്ചിരിക്കുന്നത്. ഇനി പഴയപോലെയായിരിക്കില്ല ബന്ധവും വിഷയങ്ങളുമെന്ന് കേന്ദ്രസർക്കാർ വൃത്തങ്ങൾ വ്യക്തമാക്കി.

# പാക് ആക്രമണത്തിൽ പരിക്കേറ്റ രണ്ട് സൈനികർക്കുകൂടി വീരമൃത്യു

ജമ്മു: വെടിനിർത്തൽ കരാർ ലംഘിച്ച് ശനിയാഴ്ച പാകിസ്ഥാൻ നടത്തിയ ഡ്രോൺ, ഷെല്ലാക്രമണങ്ങളിൽ പരിക്കേറ്റ രണ്ട് സൈനികർകൂടി വീരമൃത്യു വരിച്ചു. ഉധംപുർ വ്യോമസേനാത്താവളത്തിലെ മെഡിക്കൽ അസിസ്റ്റന്റ് സെർജന്റ് സുരേന്ദ്രകുമാർ മോഗ (36), ജമ്മു-കശ്മീർ ലൈറ്റ് ഇൻഫൻട്രി റെജിമെന്റിലെ സുനിൽ കുമാർ (25) എന്നിവരാണ് വീരമൃത്യു വരിച്ചത്.

ശനിയാഴ്ച ഉധംപുർ വ്യോമത്താവളം ലക്ഷ്യമിട്ട് പാകിസ്ഥാൻ വ്യോമാക്രമണം നടത്തിയിരുന്നു. ഇത് വ്യോമപ്രതിരോധ സംവിധാനമുപയോഗിച്ച് ഇന്ത്യ തകർത്തെങ്കിലും ഡ്രോണിന്റെ അവശിഷ്ടം ഡ്യൂട്ടിയിലുണ്ടായിരുന്ന സുരേന്ദ്രകുമാറിനുമേൽ പതിക്കുകയായിരുന്നു. പരിക്കേറ്റ സുരേന്ദ്ര കുമാറിനെ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. രാജസ്ഥാൻ സ്വദേശിയായ അദ്ദേഹത്തെ നാലു ദിവസംമുൻപാണ് അവധി റദ്ദാക്കി ഡ്യൂട്ടിക്ക് തിരിച്ചുവിളിച്ചത്. രാജസ്ഥാൻ മുഖ്യമന്ത്രിയടക്കമുള്ള പ്രമുഖർ അനുശോചിച്ചു.

ആർഎസ് പുര സെക്ടറിൽ പാകിസ്ഥാൻ നടത്തിയ ഷെല്ലാക്രമണത്തിലാണ് ജമ്മുവിലെ ത്രേവ സ്വദേശിയായ യുവ സൈനികൻ സുനിൽകുമാർ വീരമൃത്യുവരിച്ചത്. സംഭവത്തിൽ ജമ്മു-കശ്മീർ മുഖ്യമന്ത്രി, ലെഫ്. ഗവർണർ അടക്കമുള്ള പ്രമുഖർ അനുശോചിച്ചു.

നേരത്തേ പാക് ആക്രമണത്തിൽ പരിക്കേറ്റ ബിഎസ്എഫ് സബ് ഇൻസ്പെക്ടറും കരസേനയിലെ സുബേദാർ മേജറും വീരമൃത്യുവരിച്ചിരുന്നു.

# പാകിസ്ഥാന്റെ നട്ടെല്ലും തകർത്ത് ഇന്ത്യ; മിറാഷ് യുദ്ധവിമാനം തകർത്ത് തരിപ്പണമാക്കിയെന്ന് സേന



ന്യൂഡൽഹി: പാകിസ്ഥാന്റെ മിറാഷ് ഫൈറ്റർ ജെറ്റ് തകർത്തതായി ഇന്ത്യൻ സേന. തകർന്നുവീണ മിറാഷ് വിമാനത്തിന്റെ അവശിഷ്ടങ്ങൾ വാർത്താസമ്മേളനത്തിൽ പ്രദർശിപ്പിച്ചുകൊണ്ടായിരുന്നു സേന ഇക്കാര്യം വ്യക്തമാക്കിയത്. ആകാശത്തുവെച്ച് ശത്രുവിനെ നശിപ്പിക്കുന്നുവെന്ന അടിക്കുറിപ്പോടെ ഇന്ത്യൻ സേന എക്സ് പ്ലാറ്റ്ഫോമിൽ ഇതിന്റെ വീഡിയോ പങ്കുവെച്ചിട്ടുണ്ട്.

ഓപ്പറേഷൻ സിന്ദൂറുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ സേനാ മേധാവിമാർ വാർത്താസമ്മേളനത്തിൽ വെളിപ്പെടുത്തിയിരുന്നു. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ആകാശ് പ്രതിരോധമിസൈൽ ഉൾപ്പെടെ ഉപയോഗിച്ചാണ് പാകിസ്ഥാന് തിരിച്ചടി നൽകിയതെന്നും പ്രതിരോധ സംവിധാനങ്ങൾ മികച്ച രീതിയിൽ പ്രവർത്തിച്ചെന്നും സേന വ്യക്തമാക്കിയിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോഡി രാത്രി എട്ടിന് രാജ്യത്തെ അഭിസംബോധന ചെയ്യുന്നുണ്ട്. ഓപ്പറേഷൻ സിന്ദൂറിന് ശേഷമുള്ള ആദ്യത്തെ പ്രസ്താവനയായിരിക്കുമിത്. ഇന്ത്യ-പാകിസ്ഥാൻ പെടിനിർത്തൽ പ്രഖ്യാപിച്ച് രണ്ടുദിവസം പിന്നിടുമ്പോഴാണ് മോഡി ജനങ്ങളെ അഭിസംബോധനചെയ്യുന്നത്. പ്രധാനമന്ത്രിയുടെ വസതിയിൽ പ്രതിരോധമന്ത്രി രാജ്നാഥ് സിങ്, വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, സേനാ മേധാവിമാർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, ഐബി-റോ ഡയറക്ടർമാർ അടക്കമുള്ളവരുടെ ഉന്നതതല യോഗം ചേർന്നിരുന്നു. ഇതിന് പിന്നാലെയാണ് പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്യുമെന്ന് അറിയിച്ചത്.

# മുംബൈയിലെ പുതുക്കിനിർമിച്ച ഗോഖലെ പാലം തുറന്നുനൽകി



മുംബൈ: പുനർനിർമിച്ച മുംബൈയിലെ ഗോപാൽ കൃഷ്ണ ഗോഖലെ പാലം ബ്രിഹൻമുംബൈ മുനിസിപ്പൽ കോർപ്പറേഷൻ (ബിഎംസി) പൊതുജനങ്ങൾക്കായി തുറന്നുനൽകി. അന്ധേരിയുടെ കിഴക്ക്-പടിഞ്ഞാറ് മേഖലയെ ബന്ധിപ്പിക്കുന്ന പ്രധാന പാലം കൂടിയാണ് ഗോഖലെ പാലം. പുതുക്കി നിർമിച്ച പാലം രണ്ടരവർഷത്തിന് ശേഷമാണ് തുറന്നുനൽകിയത്.

2018 ജൂലായ് മൂന്നിന് ഗോഖലെ പാലത്തിന്റെ കാൽനടയാത്രക്കാർക്കുള്ള ഭാഗം തകർന്നുവീണ് രണ്ടുപേർ മരിക്കുകയും മൂന്നുപേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. തുടർന്ന് 2022 നവംബർ ഏഴിന് പാലം അടച്ചിരുന്നു. പിന്നീട് നടത്തിയ ഓഡിറ്റിൽ തകർന്നഭാഗം വെസ്റ്റേൺ റെയിൽവേയുടെ അധികാരപരിധിയിലാണെന്ന് കണ്ടെത്തിയെങ്കിലും പാലത്തിന്റെ പുനർനിർമാണം ബിഎംസി ഏറ്റെടുക്കുകയായിരുന്നു. റെയിൽവേ പാളത്തിന് മുകളിലൂടെയാണ് ഗോഖലെ പാലം പോകുന്നത്. ആറ് മീറ്റർ ഉയരത്തിലാണ് പാലം പുനർനിർമിച്ചിരിക്കുന്നത്. 511 മീറ്റർ നീളമുള്ള പാലത്തിന് 27 മീറ്റർ വീതിയാണുള്ളത്. ഫെബ്രുവരി 2024-ൽ പാലം ഭാഗികമായി പൊതുജനങ്ങൾക്ക് തുറന്നുനൽകിയിരുന്നു. ഗോഖലെ പാലത്തിനൊപ്പം 2008-ൽ നിർമിച്ച സിഡി ബർഫിവാലാ ഫ്ളൈ ഓവറിലും അധികൃതർ പുനർനിർമാണ പ്രവർത്തനങ്ങൾ നടത്തി.

# സ്വന്തം ഭാഗം പൂർത്തിയാക്കി പോയത് സുഹൃത്തിന്റെ മെഹന്ദിക്ക്; കാന്താര 2 നടൻ കുഴഞ്ഞുവീണ് മരിച്ചു



'കാന്താര' രണ്ടാംഭാഗത്തിലെ നടനും കന്നഡ-തുളു ടെലിവിഷൻ താരവുമായ രാകേഷ് പൂജാരി (33) മരിച്ചു. തിങ്കളാഴ്ച പുലർച്ചെയായിരുന്നു അന്ത്യം. ഉഡുപ്പിയിൽ സുഹൃത്തിന്റെ വിവാഹവുമായി ബന്ധപ്പെട്ട മെഹന്ദി ചടങ്ങിനിടെ കുഴഞ്ഞുവീഴുകയായിരുന്നു.

ഉഡുപ്പിയിലെ മിയാറിൽ സുഹൃത്തിന്റെ മെഹന്ദിക്കിടെ മറ്റ് സുഹൃത്തുക്കളുമായി സംസാരിച്ചുനിൽക്കുകായിരുന്നു. ഇതിനിടെ കുഴഞ്ഞുവീണ രാകേഷ് പൂജാരിയെ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. ഹൃദയാഘാതമാണ് മരണകാരണമെന്നാണ് നിഗമനം. അസ്വാഭാവികമരണത്തിന് കർകാല ടൗൺ പൊലീസ് കേസെടുത്തു. ഞായറാഴ്ച 'കാന്താര'യുടെ ചിത്രീകരണത്തിന് ശേഷമാണ് താരം മെഹന്ദി ചടങ്ങിനായി ഉഡുപ്പിയിലേക്ക് പോയത്. ചിത്രത്തിലെ രാകേഷിന്റെ ഭാഗം പൂർണ്ണമായും ചിത്രീകരിച്ചുകഴിഞ്ഞിരുന്നതായാണ് റിപ്പോർട്ട്. ചിത്രത്തിൽ രാകേഷ് പ്രധാനകഥാപാത്രത്തെയാണ് അവതരിപ്പിക്കുന്നത് എന്നാണ് വിവരം.

കോമഡി കില്ലാഡികളു 3 റിയാലിറ്റി ഷോ ജേതാവാണ് രാകേഷ്. ഇതോടെ ടെലിവിഷൻ പ്രേക്ഷകരുടെ ഇഷ്ടതാരമായി രാകേഷ് മാറി. ഏതാനും തുളു, കന്നഡ ചിത്രങ്ങളിൽ വേഷമിട്ടിട്ടുണ്ട്.

# നീറ്റ് പരീക്ഷയ്ക്ക് വ്യാജ ഹാൾടിക്കറ്റ്; പ്രതിക്കെതിരേ വീണ്ടും പരാതികൾ

നെയ്യാറ്റിൻകര: നീറ്റ് പരീക്ഷയ്ക്കായി വ്യാജ ഹാൾടിക്കറ്റ് നിർമിച്ചുനൽകിയ കേസിൽ റിമാൻഡിൽ കഴിയുന്ന തിരുപുറം സ്വദേശിനി ഗ്രീഷ്മയ്ക്കെതിരേ തട്ടിപ്പുനടത്തിയതിന് വീണ്ടും പരാതി. നീറ്റിനു പുറമേ കീം, സിയുഇടി, കുസാറ്റ്, സിഎംസി വെല്ലൂർ എന്നിവിടങ്ങളിലെ പ്രവേശനപരീക്ഷയ്ക്കായി പണമടച്ചവർക്കാണ് പ്രതിയായ ഗ്രീഷ്മ വ്യാജ ഹാൾടിക്കറ്റ് നിർമിച്ചുനൽകിയതായി പരാതിയുള്ളത്.

കണ്ണറവിള സ്വദേശി ആദർശിൽനിന്ന് വിവിധ പ്രവേശനപരീക്ഷകൾക്കായി 23,300 രൂപ തട്ടിയെടുത്തെന്നും ഇരുവൈക്കോണം സ്വദേശി എസ്. അഭിരാമിൽനിന്ന് ഫീസ് വാങ്ങിയ ശേഷം വിവിധ പ്രവേശനപരീക്ഷകൾക്ക് വ്യാജ ഹാൾടിക്കറ്റുകൾ നൽകിയെന്നുമാണ് പരാതി. ആദർശിൽനിന്ന് ജെഇഇ, നീറ്റ്, കീം, ബിറ്റ്സാറ്റ്, എയിംസ് എന്നിവിടങ്ങളിലെ പ്രവേശനപരീക്ഷകൾക്കു രജിസ്റ്റർ ചെയ്യാനായി ഫീസിനത്തിൽ 23,300 രൂപ പല പ്രാവശ്യമായി വാങ്ങിയെന്നാണ് നെയ്യാറ്റിൻകര പോലീസിൽ നൽകിയ പരാതിയിൽ വ്യക്തമാക്കുന്നത്. ആദർശിന്റെ പരാതിയിൽ നെയ്യാറ്റിൻകര പൊലീസ് കേസ് രജിസ്റ്റർ ചെയ്തു.

ഇരുവൈക്കോണം വിപഞ്ചികയിൽ എസ്. അഭിരാമിൽനിന്ന് നീറ്റ് പ്രവേശന പരീക്ഷയ്ക്ക് ഫീസ് വാങ്ങി ഗ്രീഷ്മ രജിസ്റ്റർചെയ്തു. അഭിരാമിന്റെ രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ചാണ് പത്തനംതിട്ടയിൽ പിടിയിലായ ജിത്തുവിന് ഗ്രീഷ്മ വ്യാജ ഹാൾ ടിക്കറ്റ് നിർമിച്ചുനൽകിയത്. അഭിരാം നീറ്റ് പരീക്ഷ മണക്കാട് സ്കൂളിലാണ് എഴുതിയത്. ഈ രജിസ്റ്റർ നമ്പരും വിലാസവുമുപയോഗിച്ച് പത്തനംതിട്ടയിലെ ഒരു സ്കൂളിന്റെ പേരിൽ ജിത്തുവിന് ഹാൾടിക്കറ്റ് നിർമിച്ചുനൽകുകയായിരുന്നു. അഭിരാം നീറ്റിന് അപേക്ഷിക്കുന്ന ഘട്ടത്തിൽത്തന്നെ കീം പരീക്ഷയ്ക്കായി 1600 രൂപ നൽകി രജിസ്ട്രേഷൻ നടത്തി. എന്നാൽ, കീമിന് നൽകിയ ഹാൾ ടിക്കറ്റ് വ്യാജമായിരുന്നു.

ഇതിനു പുറമേ വെല്ലൂർ സിഎംസിയിൽ നഴ്സിങ് കോഴ്സിൽ പ്രവേശനപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാനായും അഭിരാം 1700 രൂപ നൽകി. ഈ പരീക്ഷയ്ക്കു നൽകിയതും വ്യാജ ഹാൾ ടിക്കറ്റാണ്.

അഭിരാമിനു ലഭിച്ച ഹാൾ ടിക്കറ്റ് വെച്ച് വെല്ലൂർ സിഎംസിയിലെ വെബ്സൈറ്റിൽ പരിശോധിക്കുമ്പോഴാണ് വ്യാജ ഹാൾ ടിക്കറ്റാണെന്ന് ബോധ്യമാകുന്നത്. സിയുഇടി(കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ്) വഴി ഇന്റഗ്രേറ്റഡ് കോഴ്സിനായി 1650 രൂപയും ഫീസായി നൽകിയിരുന്നു. എന്നാൽ, ഇതിന് അഭിരാമിനു നൽകിയ ഹാൾ ടിക്കറ്റും വ്യാജമായിരുന്നു.

കുസാറ്റിലും പ്രവേശന പരീക്ഷയ്ക്കായി അഭിരാം 1500 രൂപ ഫീസ് നൽകി അപേക്ഷിച്ചെങ്കിലും പ്രതി ഗ്രീഷ്മ നൽകിയത് വ്യാജ ഹാൾ ടിക്കറ്റാണ്. ഒബിസി വിഭാഗത്തിൽപ്പെടുന്ന അഭിരാമിന് പട്ടികജാതി വിഭാഗത്തിൽപ്പെടുന്നെന്നു രേഖപ്പെടുത്തിയ ഹാൾ ടിക്കറ്റാണ് നൽകിയത്.

ഇതുകാരണം കുസാറ്റ് പരീക്ഷയും എഴുതാനായില്ല. അഭിരാമിന് ലഭിച്ച വ്യാജ ഹാൾ ടിക്കറ്റുകൾ ഉൾപ്പെടുത്തി എൻട്രൻസ് കമ്മിഷണർക്കും നെയ്യാറ്റിൻകര പോലീസിലും പരാതി നൽകി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA



# സയൻസ് സിറ്റിയുടെ ഒന്നാംഘട്ടമായ സയൻസ് സെന്ററിന്റെ ഉദ്ഘാടനം മേയ് 29 ന് മുഖ്യമന്ത്രി നിർവഹിക്കും: ഡോ. ആർ. ബിന്ദു

ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിക്കപ്പെടുന്ന സയൻസ് സിറ്റിയുടെ ഒന്നാംഘട്ടമായ സയൻസ് സെന്റർ യാഥാർത്ഥ്യമായിരിക്കുകയാണ്. കോട്ടയം കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ കോഴയിൽ ആരംഭിക്കുന്ന സയൻസ് സിറ്റിയിലെ സയൻസ് സെന്റർ മുഖ്യമന്ത്രി പിണറായി വിജയൻ മേയ് 29ന് വൈകിട്ട് അഞ്ചു മണിക്ക് ഉദ്ഘാടനം ചെയ്യും.

സംസ്ഥാന സർക്കാർ അനുവദിച്ച മുപ്പത് ഏക്കർ ഭൂമിയിലാണ് കോട്ടയത്ത് സയൻസ് സിറ്റി ഉയരുന്നത്. ശാസ്ത്രഗാലറികൾ, ത്രിമാനപ്രദർശന തിയേറ്റർ, ശാസ്ത്ര പാർക്ക്, സെമിനാർ ഹാൾ, ഇന്നോവഷൻ ഹബ് എന്നിവ ഉൾക്കൊള്ളുന്ന സയൻസ് സെന്ററാണ് ഇതിലെ പ്രധാന ഭാഗം. പ്ലാനേറ്റേറിയം, മോഷൻ സിമുലേറ്റർ, ഓഗ്മെന്റഡ് റിയാലിറ്റി / വിർച്വൽ റിയാലിറ്റി തിയേറ്ററുകൾ, സംഗീത ജലധാര, പ്രകാശ ശബ്ദ സമന്വയ പ്രദർശനം, വാന നിരീക്ഷണ സംവിധാനം, പൂന്തോട്ടങ്ങൾ, സന്ദർശകർക്കുള്ള സൗകര്യങ്ങൾ, പ്രവേശനകവാടം, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാണ് സയൻസ് സിറ്റി പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

47,147 ചതുരശ്ര അടി വിസ്തീർണത്തിൽ നിർമ്മിച്ചിരിക്കുന്ന സയൻസ് സെന്റർ കെട്ടിടത്തിൽ ഫൺ സയൻസ്, മറൈൻ ലൈഫ് ആൻഡ് സയൻസ്, എമേർജിങ്ങ് ടെക്നോളജി എന്നീ ശാസ്ത്ര ഗാലറികളും, ത്രീ-ഡി തിയേറ്റർ, ടെമ്പററി എക്സിബിഷൻ ഏരിയ, ആക്റ്റിവിറ്റി സെന്റർ, സെമിനാർ ഹാൾ, കോൺഫറൻസ് ഹാൾ, വർക്ക് ഷോപ്പുകൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ സയൻസ് സെന്ററിന് ചുറ്റുമായി സയൻസ് പാർക്കും ദിനോസർ എൻക്ലേവും സ്ഥാപിച്ചിട്ടുണ്ട്. വാന നിരീക്ഷണ സംവിധാനത്തിനായി ടെലസ്കോപ്പും ഒരുക്കിയിട്ടുണ്ട്.

സയൻസ് സിറ്റിയുടെ ഒന്നാം ഘട്ടമായി സയൻസ് സെന്റർ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാനുള്ള അനുബന്ധ പ്രവൃത്തികളായ ആന്തരിക റോഡുകൾ, കാമ്പസ് വൈദ്യുതീകരണം, ജലവിതരണ സംവിധാനം, സന്ദർശകർക്കുള്ള ഭക്ഷണശാല, ശൗചാലയ സംവിധാനം എന്നിവ പൂർത്തീകരിച്ചു വരികയാണ്.

സയൻസ് സെന്റർ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ സാമ്പത്തിക പങ്കാളിത്തത്തോടെ 14.5 കോടി രൂപ ചെലവിൽ സ്ഥാപിക്കാനാണ് ധാരണയായിരുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയമാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരുന്നത്. സംസ്ഥാന വിഹിതത്തിന് പുറമെ ഏകദേശം അമ്പതു കോടി രൂപയോളം അനുബന്ധ സൗകര്യങ്ങൾ ഒരുക്കാനായി നാളിതുവരെ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടം എന്ന നിലയിൽ 45 കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് പദ്ധതി തയ്യാറാക്കി കഴിഞ്ഞു. കൂടാതെ, സയൻസ് സിറ്റി കാമ്പസിൽ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെയും കുറവിലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെയും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സഹകരണത്തോടെ വിപുലമായ ഒരു ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കാനുള്ള നടപടിയും പുരോഗമിക്കുകയാണ്. സംസ്ഥാനത്തെ വനങ്ങളിൽ ലഭ്യമായ തനത് സസ്യങ്ങൾ, ഔഷധ സസ്യങ്ങൾ, അന്യംനിന്നുപോകുന്ന അപൂർവ്വ സസ്യ ഇനങ്ങൾ, ഓർക്കിഡുകൾ, കള്ളിച്ചെടികൾ, ഉദ്യാന സസ്യങ്ങൾ, സുഗന്ധവ്യഞ്ജന സസ്യങ്ങൾ, വിവിധതരം മുളകൾ, പനവർഗ്ഗ ചെടികൾ എന്നിവയുടെ വിപുലമായ ശേഖരമാണ് ജൈവ വൈവിധ്യ ഉദ്യാനത്തിൽ ഉണ്ടാവുക.

ഓരോ സസ്യത്തിലും സന്ദർശകർക്ക് മനസ്സിലാക്കാനായി സസ്യത്തിന്റെ പേര്, ബൊട്ടാണിക്കൽ പേര്, മറ്റു വിശദാംശങ്ങൾ ഉൾപ്പെട്ട ബോർഡുകൾ എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള സംവിധാനമാണ് വിഭാവനം ചെയ്യുന്നത്. ജൈവ വൈവിധ്യ ഉദ്യാനത്തിന്റെ നിർമ്മാണ ഉദ്ഘാടനവും സയൻസ് സെന്ററിന്റെ ഒന്നാംഘട്ട ഉദ്ഘാടനത്തിനൊപ്പം മുഖ്യമന്ത്രി നിർവഹിക്കും.

ജൈവവൈവിധ്യ ഉദ്യാനം പൂർത്തിയാകുന്നതോടെ ജൈവവൈവിധ്യത്തിന്റെ കാര്യത്തിൽ രാജ്യത്തുതന്നെ ഉന്നതശീർഷമായ ബൊട്ടാണിക്കൽ ഗാർഡനാകും കോട്ടയം സയൻസ് സിറ്റിയിൽ സ്ഥാപിതമാകുക.

# ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസംസമയബന്ധിതമായി പൂർത്തിയാക്കും; വാടക തുക അടിയന്തരമായി ലഭ്യമാക്കും: മുഖ്യമന്ത്രി

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്ത ബാധിതരുടെ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കും. താമസത്തിനുള്ള മാസ വാടക തുക അടിയന്തിരമായി ലഭ്യമാക്കാനും മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി. ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പ് നിർമാണ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിലാണ് നിർദേശം. ടൗൺഷിപ്പ് നിർമാണത്തിന് ഭരണ, സാങ്കേതിക, സാമ്പത്തിക അനുമതികൾ നൽകുന്നതിന് സമയക്രമം നിശ്ചയിച്ചു നൽകി. അനുമതിയോടെ വേണ്ട മരങ്ങൾ മുറിച്ചു മാറ്റുക, വൈദ്യുത വിതരണ സംവിധാനങ്ങൾ പുനക്രമീകരിക്കുക, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സാമ്പത്തിക സഹായം, അവശിഷ്ടങ്ങൾ നീക്കം ചെയ്ത് പുഴയുടെ ഒഴുക്ക് സുഗമമാക്കുക, ഉദ്യോഗസ്ഥരുടെ വിന്യാസം എന്നിവയിൽ നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ എത്രയും വേഗം പൂർത്തീകരിക്കണമെന്നും മുഖ്യമന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ, ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ, ചീഫ് സെക്രട്ടറി ഡോ. എ ജയതിലക്, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി കെ എം എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, വകുപ്പ് സെക്രട്ടറിമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയർ പങ്കെടുത്തു.

# എവല്യൂഷൻ ഓഫ് മെന്റൽ ഹെൽത്ത് കെയർ ഇൻ ട്രാവൻകൂർ' പുസ്തകം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പ്രകാശനം ചെയ്തു

സംസ്ഥാന പുരാരേഖാ വകുപ്പ് പ്രസിദ്ധീകരിച്ച 'എവല്യൂഷൻ ഓഫ് മെന്റൽ ഹെൽത്ത് കെയർ ഇൻ ട്രാവൻകൂർ' എന്ന പുസ്തകം പുരാരേഖാ പുരാവസ്തു രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ആന്റണിരാജു എം.എൽ.എയ്ക്ക് നൽകി പ്രകാശനം ചെയ്തു.ചരിത്രകാരന്മാർക്കും ഗവേഷകർക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഈ പുസ്തകം വളരെയേറെ പ്രയോജനപ്പെടുമെന്ന് മന്ത്രി പറഞ്ഞു. ചരിത്രത്തിന്റെ ആഖ്യാനം മാത്രമല്ല, അതിനപ്പുറത്ത് വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഒരു കാലഘട്ടത്തിന്റെ ഭൂതകാല സ്മരണകളാണ് ഈ പുസ്തകത്തിലുള്ളത്.മാനസികാരോഗ്യം പരിപോഷിപ്പിക്കേണ്ടത് വ്യക്തിതലത്തിലും സാമൂഹ്യതലത്തിലും പ്രധാനമാണ്. മാനസിക ബുദ്ധിമുട്ടുകൾ ശാരീരിക ആരോഗ്യത്തെയും ബാധിക്കുന്നു. തിരുവിതാംകൂർ കാലം മുതൽക്കേ മാനസിക ആരോഗ്യത്തിനും ചികിത്സയ്ക്കും ഇവിടെ പ്രാധാന്യം ലഭിച്ചിട്ടുണ്ട്. എന്താണ് നമ്മുടെ നാടിന്റെ ചരിത്രമെന്നും അത് സൃഷ്ടിച്ച ചരിത്രകാരന്മാർ ആരാണെന്നും പുതിയ തലമുറയിലുള്ളവർ മനസ്സിലാക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

തിരുവിതാംകൂറിലെ മാനസികാരോഗ്യ മേഖലയുടെ പരിണാമത്തിന്റെ ചരിത്രപശ്ചാത്തലം പറയുന്ന പുസ്തകം തയ്യാറാക്കിയത് സാമൂഹ്യ നീതി വകുപ്പ് ഇൻഫർമേഷൻ ആൻഡ് റിസർച്ച് ഓഫീസർ ഡോ. കെ. ലക്ഷ്മിയാണ്.തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ പുരാരേഖാ വകുപ്പ് ഡയറക്ടർ-ഇൻ-ചാർജ് പാർവതി എസ് സ്വാഗതം പറഞ്ഞു. ഡോ. കെ. ലക്ഷ്മി പുസ്തകപരിചയം നടത്തി. തൈക്കാട് വാർഡ് കൗൺസിലർ ജി. മാധവദാസ്, പാളയം വാർഡ് കൗൺസിലർ പാളയം രാജൻ, പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ. ദിനേശൻ, മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ പി.എസ്. മഞ്ജുളാദേവി, സാംസ്കാരികകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി സുഭാഷിണി തങ്കച്ചി പി. തുടങ്ങിയവർ സംസാരിച്ചു.



സംസ്ഥാന പുരാരേഖാ വകുപ്പ് പ്രസിദ്ധീകരിച്ച 'എവല്യൂഷൻ ഓഫ് മെന്റൽ ഹെൽത്ത് കെയർ ഇൻ ട്രാവൻകൂർ' എന്ന പുസ്തകം പുരാരേഖാ പുരാവസ്തു രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ആന്റണി രാജു എം.എൽ.എയ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു




സപ്ലൈകോ സ്കൂൾ ഫെയർ 2025 ന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി ആർ അനിൽ നിർവഹിക്കുന്നു

# സപ്ലൈകോ സ്കൂൾ ഫെയറിൽ 50 ശതമാനം വരെ വിലക്കുറവ്: മന്ത്രി ജി ആർ അനിൽ

സ്കൂൾ വിപണിയിൽ സംസ്ഥാന സർക്കാർ ഇടപെടുന്നതിന്റെ ഭാഗമായി സപ്ലൈകോ ആരംഭിക്കുന്ന ഫെയറിൽ 15 മുതൽ 50 ശതമാനം വരെ വിലക്കുറവ് ലഭിക്കുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ പറഞ്ഞു.

സ്കൂൾ ഫെയർ 2025 ന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഫോർട്ടിലെ പീപ്പിൾസ് ബസാറിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. വിദ്യാർത്ഥികൾക്കാവശ്യമായ ബാഗ്, കുട, നോട്ട്ബുക്ക്, ഇൻസ്ട്രമെന്റ് ബോക്സ് തുടങ്ങിയ വിവിധ ഉൽപ്പന്നങ്ങൾ മേളയിൽ ലഭിക്കും. വിദ്യാർഥികളുടെ വിദ്യാഭ്യാസച്ചെലവ് കുറച്ച് പൊതു സമൂഹത്തിന് പരമാവധി സഹായം നൽകുക എന്നതാണ് ലക്ഷ്യം. സപ്ലൈകോയും, സഹകരണ സ്ഥാപനങ്ങളുമടക്കം നടത്തുന്ന വിപണി ഇടപെടൽ മാതൃകാപരമാണ്.

ന്യായ വിലക്ക് ഉന്നത ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ താലൂക്ക്, ജില്ലാതലങ്ങളിൽ ഫെയറിലൂടെ ലഭ്യമാകും. 172 പേജുള്ള 31 രൂപ എം ആർ പിയുള്ള ശബരി നോട്ട്ബുക്കുകൾ 28 രൂപക്കാണ് വിതരണം ചെയ്യുന്നത്. കോളേജ്, പ്രീമിയം ബുക്കുകൾക്കും കുടകൾക്കുമെല്ലാം ഇതേ രീതിയിൽ വിലക്കുറവുണ്ടെന്നും പൊതുജനങ്ങൾ പരമാവധി ഈ സൗകര്യം ഉപയോഗിക്കണമെന്നും മന്ത്രി പറഞ്ഞു.

ആന്റണി രാജു എംഎൽ എ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

# പരീക്ഷ തീർന്ന് പിറ്റേന്ന് ഫലം; എം ജി സർവ്വകലാശാല മാതൃകയെന്ന് മന്ത്രി ഡോ. ആർ ബിന്ദു

അവസാന സെമസ്റ്റർ ബിരുദ പരീക്ഷ പൂർത്തിയായി, തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ഫലം പ്രസിദ്ധീകരിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല മാതൃക കാട്ടിയിരിക്കുകയാണെന്ന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. ഈ ഏപ്രിൽ, മെയ് മാസങ്ങളിൽ നടന്ന ആറാം സെമസ്റ്റർ റെഗുലർ ബിഎ, ബിഎസ്സി, ബികോം, ബിബിഎ, ബിസിഎ, ബിഎസ്ഡബ്ല്യു, ബിടിടിഎം, ബിഎസ്എം തുടങ്ങിയ പരീക്ഷകളുടെ ഫലമാണ് മെയ് 12ന് സർവ്വകലാശാല പ്രസിദ്ധീകരിച്ചത്. സംസ്ഥാനത്ത് ഈ വർഷം അവസാന സെമസ്റ്റർ ഫലം ഏറ്റവുമാദ്യം പ്രസിദ്ധീകരിക്കുന്ന സർവ്വകലാശാലയായും എം.ജി മാറി. അഭിമാനകരമായ മികവാണിതെന്ന് മന്ത്രി പറഞ്ഞു.

ഒമ്പത് കേന്ദ്രങ്ങളിലായി നടന്ന മൂല്യനിർണ്ണയ ക്യാമ്പുകളിലായാണ് ഒന്നര ലക്ഷത്തോളം ഉത്തരക്കടലാസുകളുടെ പരിശോധന പൂർത്തിയാക്കിയത്. മെയ് ഏഴിന് മൂല്യനിർണ്ണയം അവസാനിച്ചു. മെയ് ഒമ്പതിന് അവസാന സെമസ്റ്റർ വൈവ വോസി പരീക്ഷകളും പൂർത്തിയാക്കി. ആറാം സെമസ്റ്റർ പരീക്ഷയ്ക്ക് തൊട്ടു മുൻപു നടന്ന അനുബന്ധ സപ്ലിമെന്ററി പരീക്ഷാ ഫലങ്ങൾ കൂടി ഉൾപ്പെടുത്തി സമഗ്രമായ ഫലമാണ് ഇപ്പോൾ സർവ്വകലാശാല പ്രസിദ്ധീകരിച്ചിരിക്കുന്നത്.

കൃത്യമായ ആസൂത്രണം, ചിട്ടയായ പ്രവർത്തനം - റെക്കോർഡ് വേഗത്തിലുള്ള ഫലപ്രഖ്യാപനത്തിലേക്ക് എത്തിച്ചത് ഇവ രണ്ടുമാണെന്ന് സർവ്വകലാശാല വ്യക്തമാക്കിയിട്ടുണ്ട്. അനുകരണീയമായ മാതൃകയ്ക്ക് മന്ത്രി അഭിനന്ദനങ്ങൾ അറിയിച്ചു.

2023 ൽ പരീക്ഷ കഴിഞ്ഞ് പതിനാലാം ദിവസവും 2024 ൽ പത്താം ദിവസവും സർവ്വകലാശാല അവസാന വർഷ ബിരുദഫലം പ്രസിദ്ധീകരിച്ചിരുന്നു. നാലുവർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷാഫലം മൂന്നാം ദിവസം പ്രസിദ്ധീകരിച്ചും എം ജി സർവ്വകലാശാല, ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ സമഗ്രപരിഷ്കരണ സംരംഭങ്ങളിൽ തോളോടുതോൾ നിന്നിരുന്നുവെന്ന് മന്ത്രി കൂട്ടിച്ചേർത്തു. മൂല്യനിർണ്ണയ ജോലികൾ ചിട്ടയായി പൂർത്തിയാക്കിയ അധ്യാപകരെയും ക്യാമ്പുകൾക്ക് മേൽനോട്ടം വഹിച്ചവരെയും ജീവനക്കാരെയും ഏകോപനച്ചുമതല നിർവഹിച്ച സിൻഡിക്കേറ്റ് അംഗങ്ങളെയും സർവ്വകലാശാലാ നേതൃത്വത്തെയാകെയും മന്ത്രി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും സർക്കാരിന്റെയും അനുമോദനങ്ങൾ അറിയിച്ചു.

# തൊഴിൽമേള സംഘടിപ്പിക്കും

വ്യാവസായിക പരിശീലന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാർ, സ്വകാര്യ ഐ.ടി.ഐകളിൽ അവസാന വർഷം പഠിച്ചുകൊണ്ടിരിക്കുന്ന ട്രെയിനികൾക്കും പരിശീലനം പൂർത്തിയാക്കിയവർക്കും കമ്പനികളിൽനിന്നും അപ്രിന്റീസ് പരിശീലനം പൂർത്തിയാക്കിയവർക്കും വേണ്ടി ജില്ലാ അടിസ്ഥാനത്തിൽ മേയ് 22 മുതൽ 30 വരെ എല്ലാ ജില്ലകളിലെയും നോഡൽ ഐ.ടി.ഐയിൽ സ്പെക്ട്രം 'ജോബ് ഫെയർ 2025' സംഘടിപ്പിക്കും. താഴിൽ മേളയിൽപങ്കെടുക്കുന്നതിനായി www.knowledgemission.kerala.gov.in/ റാം കണക്ട് ആപ്പിൽ രജിസ്റ്റർ ചെയ്യുകയും പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ജില്ലാതല ജോബ് ഫെയറിൽ അപ്ലൈ ചെയ്യുകയും വേണം. സ്പോട്ട് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. മേളയുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ കേരളത്തിലെ എല്ലാ ഗവ. ഐ.ടി.ഐകളിൽനിന്നും ലഭിക്കും.

സംസ്ഥാനതല ഉദ്ഘാടനം മേയ് 22ന് തിരുവനന്തപുരം ചാക്ക ഐ.ടി.ഐയിൽ പൊതുവിദ്യാഭ്യാസവും തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും.

മേയ് 22, 23 തീയതികളിൽ ചാക്ക (തിരുവനന്തപുരം) ഐ.ടി.ഐയിലും, 23, 24 തീയതികളിൽ ചന്ദനത്തോപ്പ് ഐ.ടി.ഐയിലും (കൊല്ലം), കട്ടപ്പന (ഇടുക്കി) ഐ.ടി.ഐയിലുമായി തൊഴിൽമേള നടക്കും.

മേയ് 27, 28 തീയതികളിൽ ഐ.ടി.ഐ ചെന്നീർക്കര (പത്തനംതിട്ട), ഐ.ടി.ഐ കോഴിക്കോട്, ഐ.ടി.ഐ മലമ്പുഴ (പാലക്കാട്), ഐ.ടി.ഐ കാസറഗോഡ് എന്നിവിടങ്ങളിലായി മേള സംഘടിപ്പിക്കും.

കണ്ണൂർ, ഏറ്റുമാനൂർ (കോട്ടയം), ചാലക്കുടി (തൃശൂർ) ഐ.ടി.ഐകളിൽ മേയ് 28, 29 തീയതികളിൽ മേള നടക്കും. മേയ് 29, 30 തീയതികളിൽ അരിക്കോട് (മലപ്പുറം), ചെങ്ങന്നൂർ (ആലപ്പുഴ), കളമശേരി (എറണാകുളം), കൽപ്പറ്റ (വയനാട്) ഐ.ടി.ഐകളിൽ മേള സംഘടിപ്പിക്കും. വിശദവിവരങ്ങൾക്ക് അടുത്തുള്ള ഐ.ടി.ഐയിലെ പ്രിൻസിപ്പൽമാർ, മേഖലാ കോഡിനേറ്റർമാർ എന്നിവരുമായി ബന്ധപ്പെടാം.

## വേനൽ: തൊഴിൽസമയ പുനഃക്രമീകരണം മേയ് 30 വരെ നീട്ടി

വേനൽ ഏറി വരുന്ന സാഹചര്യത്തിൽ വെയിലത്ത് തൊഴിലെടുക്കുന്നവർക്കായുള്ള സമയ പുനഃക്രമീകരണം മേയ് 30 വരെ നീട്ടി. നേരത്തെ മേയ് 10 വരെയായിരുന്നു സമയം പുനക്രമീരിച്ചത്. വേനലിന്റെ തീവ്രതയേറി വരുന്ന സഹചര്യത്തിലാണ് പുതിയ കാലപരിധി നിശ്ചയിച്ചത്.